(ബി) **ജലസേചന വകുപ്പ്**

കേരളം നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് കുടിവെള്ളത്തിനും കൃഷിക്കുമുള്ള ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മണൽചാക്കിട്ട് വെള്ളം ഒഴുകിപ്പോകാതെ താല്ക്കാലിക തടയണ കെട്ടുക, കുളങ്ങളുടെ പുനരുദ്ധാരണം, കനാലുകളിലെ ചെളി നീക്കി നവീകരിക്കുക, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുക, ഉപ്പുവെള്ളം തടയാൻ താല്ക്കാലിക ബണ്ടുകൾ ഇടുക മുതലായ ഹ്രസ്വകാല പദ്ധതികൾ ജലസേചന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റി

ഈ വർഷത്തെ വരൾച്ച നേരിടുന്നതിന് മുന്നോടിയായി ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, പമ്പുസെറ്റുകളുടേയും പൈപ്പ് ലൈനുകളുടേയും അറ്റകുറ്റപ്പണികൾ, ജലലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടൽ, ഡൈവർഷൻ ചാനലുകൾവഴി നീരൊഴുക്ക് വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേയ്ക്ക് തിരിച്ചുവിടുകയും ചെയ്യുക, ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുക, കുഴൽക്കിണറുകൾ ഫ്ളഷ് ചെയ്യുക. പമ്പിംഗ് സമയം ക്രമീകരിച്ച് നിശ്ചിത സമയം കുടിവെള്ളം ലഭ്യമാക്കുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ്

വരൾച്ച നേരിടുന്നതിനായി ഭൂജല വകുപ്പ് കുഴൽകിണർ നിർമ്മാണം, ഹാൻഡ് പമ്പ് സ്കീം, ചെറുകിട കുടിവെള്ള പദ്ധതി, ഹാൻഡ് പമ്പ് റിപ്പയർ പദ്ധതി എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ചെങ്കിലുംപാടം കുളത്തിന്റെ നവീകരണം

143 (835) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിൽ പൂജപ്പുര വാർഡിലെ ചെങ്കിലുംപാടം കുളത്തിന്റെ നവീകരണ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ ചെറുകിട ജലസേചനവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കും എന്നതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ നടന്നുവരുന്നു. നടപടി പൂർത്തിയായാലുടൻ പണി ആരംഭിക്കുന്നതാണ്.

മുരിക്കുംപാടം, ഞാറയ്ക്കൽ ശുദ്ധജല സംഭരണികളുടെ നിർമ്മാണം

144 (836) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ്കോയ്ക്ക് ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മാണ അനുമതി ലഭ്യമായ മുരിക്കുംപാടം, ഞാറയ്ക്കൽ എന്നിവിടങ്ങളിലെ ശുദ്ധജലസംഭരണികളുടെ നിർമ്മാണം ദീർഘനാളുകളായി തടസ്സപ്പെട്ടിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) എഗ്രിമെന്റ് പ്രകാരം മേൽപ്രവൃത്തികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്ന തീയതി എന്നുവരെയെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര തവണകളിലായി എത്ര കാലാവധികൾ ബന്ധപ്പെട്ട കോൺട്രാക്ടർക്ക് നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചുവെന്നും എത്ര രൂപ ബന്ധപ്പെട്ട കോൺട്രാക്ടർക്ക് നൽകിയെന്നും ഇതുവരെ പൂർത്തിയാക്കിയ ജോലിയെന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

12-2-2015-ൽ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ കരാറുകാരനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി നടത്തിയ യോഗത്തിൽ 17-2-2015-ൽ ഞാറയ്ക്കൽ ടാങ്ക് സൈറ്റിലെ പണികൾ പുനരാരംഭിക്കുമെന്നും ഒരാഴ്ചയ്ക്കകം മുരിക്കുംപാടം ടാങ്ക് സൈറ്റിലെ തൊഴിൽ തർക്കങ്ങൾ പരിഹരിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ പണികൾ പൂർത്തിയാക്കാമെന്നും കരാറുകാരൻ ഉറപ്പുനൽകി

LIBRARY ARCHIVES Kerala Legislative Assembly